(സി) 1999 ഡിസംബർ മാസത്തോടെ കമ്മിഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

71 (2762) മാള നിയോജകമണ്ഡലത്തിലെ മാമ്പ്ര ചെട്ടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽപ്പെട്ട ആമനട പഞ്ചായത്തിലെ മാമ്പ്ര-ചെട്ടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷന്റെ പണികൾ പൂർത്തീകരിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ എത്രത്തോളം ആയി എന്ന് വ്യക്തമാക്കുമോ;

(സി) എന്നു പണി പൂർത്തീകരിച്ചു വെള്ളം ലിഫ്റ്റ് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ സിവിൽ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പമ്പും മോട്ടോറും സ്ഥാപിക്കുന്നതിനുള്ള നടപടികളും പമ്പ് ഹൗസ് വൈദ്യുതീകരണ പണികളും ആരംഭിച്ചിട്ടുണ്ട്.

(സി) പമ്പും മോട്ടോറും സ്ഥാപിച്ചു വൈദ്യുതീകരിക്കുന്ന മുറയ്ക്ക് 2000-ാമാണ്ട് മാർച്ച് മാസത്തോടെ വെള്ളം പമ്പു ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

72 (2763) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പുതിയ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പുതിയ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) പദ്ധതികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ആരാണ് ഫണ്ട് നൽകുന്നത്;

(ഡി) ഫണ്ട് ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നത്;

(ഇ) 1998-ൽ എൽ.ഐ.സി. സഹായത്തോടെ എത്ര പദ്ധതികൾ ആരംഭിച്ചു;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പദ്ധതികളൊന്നും ആരംഭിക്കുവാൻ കഴിയാതിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എൻ.സി.പി.സി. സ്കീമനുസരിച്ച് അനുമതി നൽകിയിരിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ പൈപ്പുകൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1340.56 ലക്ഷം രൂപ.

(സി)&(ഡി) എൽ.ഐ.സി.യിൽ നിന്നും ധനസഹായം ലഭ്യമാക്കുവാൻ വേണ്ടി പദ്ധതി തയ്യാറാക്കി വായ്പയ്ക്കുള്ള അപേക്ഷ എൽ.ഐ.സി.ക്ക് നൽകിയിട്ടുണ്ട്.

(ഇ) ഏഴ് ശുദ്ധജലവിതരണ പദ്ധതികൾ (പന്തളം, കലയ്ക്കോട്, പെരിനാട്-പനയം, ഓച്ചിറ, കരുനാഗപ്പള്ളി, ചവറ, പന്മന എന്നിവ.)

(എഫ്)ഉദിക്കുന്നില്ല.

(ജി) പ്രസ്തുത പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

73 (2764) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വാട്ടർ ടാപ്പുകൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ എത്ര പൊതു വാട്ടർ ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതെല്ലാം ഇപ്പോഴും പ്രവർത്തന നിരതമാണോ;

(സി) പൈപ്പുലൈനുകൾ പുതിയതായി സ്ഥാപിക്കുന്നതിനും പുതിയ വാട്ടർ ടാപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ടി എത്ര അപേക്ഷകൾ ഇപ്പോൾ ജല അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്;

(ഡി) ഇതിൽമേൽ എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 189 എണ്ണം.

(ബി) 8 എണ്ണം ഒഴികെ എല്ലാം പ്രവർത്തന നിരതമാണ്.

(സി) 32.

(ഡി) നിലവിലുള്ള പദ്ധതിയിൽനിന്നും പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണമെന്ന അപേക്ഷകൾക്ക് പദ്ധതിയുടെ ജല ലഭ്യതയും നിർദ്ദിഷ്ട സ്ഥലത്തേയ്ക്ക് പൈപ്പ്ലൈൻ നീട്ടാൻ സാങ്കേതിക ബാദ്ധ്യതയും പരിശോധിച്ചശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടാപ്പു സ്ഥാപിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly